"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം-ശ്രീ. തറുവായിക്കുട്ടി നൈസാം വി.കെ യുടെ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.773/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം. 1255/2024/തസ്വഭവ തീയതി. 09.07.2024
2. അക്കൗണ്ടന്റ് ജനറലിന്റെ 15.11.2025 തീയതിയിലെ GE19/B/1075358/158091/836 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.1.2026 തീയതിയിലെ LSGD/PD/27037/2025-DEH2 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ പരാമർശം(1) പ്രകാരം ഡെപ്യൂട്ടി ടൗൺപ്ലാനറായി സ്ഥാനകയറ്റം ലഭിക്കുകയും 31.07.2024 പൂർവാഹ്നം മുതൽ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിയ്ക്കുകയും ചെയ്ത ശ്രീ. തറുവായിക്കുട്ടി നൈസാം വി.കെ (പെൻ 897063)- യുടെ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

പ്രൊബേഷനെ ബാധിക്കുന്ന തരത്തിൽ ടിയാൻ അവധിയൊന്നും വിനിയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടൻറ് ജനറൽ പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാളുടെ സ്വഭാവവും ജോലിയും തൃപ്തികരമാണെന്നും, ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടിയോ, വിജിലൻസ് കേസുകളോ നിലവിൽ ഇല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, 31.07.2024-ൽ ഡെപ്യൂട്ടി ടൗൺപ്ലാനർ തസ്തികയിൽ പ്രവേശിച്ച ശ്രീ. തറുവായിക്കുട്ടി നൈസാം വി.കെ (പെൻ 897063)- യുടെ തദ്ദേശ സ്വയം ഭരണ വകുപ്പിലെ, ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം, കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 31.01.2025

പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3.ശ്രീ. തറുവായിക്കുട്ടി നൈസാം വി.കെ, ഡെപ്യൂട്ടി ടൗൺ പ്ലാനർ , തദ്ദേശ സ്വയംഭരണ വകുപ്പ് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

5.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

6.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 16-03-2026 08:52:30